**QP CODE: S9020**

Enrollment number : .........................................

Name : .........................................

**BA DEGREE EXAMINATION,AUGUST 2023**
**Second Semester**
**BA Malayalam Language and Literature**
**B21ML02DC - ചെറുകഥാസാഹിത്യം**
**2022 ADMISSIONS**

**Time: 3 Hours** **Max Marks: 70**

## Section A

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം**

1. 'നരിയെ കൊന്ന വെടി' എന്ന ചെറുകഥയുടെ കർത്താവാര്?
2. 'ഓണക്കാലത്തു കിട്ടിയ സമ്മാനം' എന്ന മറ്റൊരു പേരുകൂടിയുള്ള ഒരു ചെറുകഥ എം. സുകുമാരൻ രചിച്ചിട്ടുണ്ട്. ഏതാണത്?
3. 'പൂവമ്പഴം' എന്ന പേരിൽ പ്രശസ്തമായ രണ്ടു ചെറുകഥകൾ മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. അതിലൊരെണ്ണം രചിച്ചത് ബഷീറാണ്. രണ്ടാമത്തെ കഥയുടെ രചയിതാവാര്?
4. പി. സി. കുട്ടികൃഷ്ണന്റെ തൂലികാനാമമെന്ത്?
5. ശർക്കര കൊണ്ട് ആർക്കുവേണ്ടിയാണ് തുലാഭാരം നടത്തുവാനൊരുങ്ങിയത്?
6. 'ഒറ്റ' എന്ന കഥയിലെ കേന്ദ്ര കഥാപാത്രമേത്?
7. ആരുടെ പ്രേമവും വിവാഹവുമാണ് പ്രസ്തുത ശീർഷകമുള്ള കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്?
8. കൊച്ചു കൊച്ചു മോഹങ്ങളിലെ മാത്തുക്കുട്ടി അമ്പതു രൂപയുടെ ഉടമസ്ഥനായതെങ്ങനെയാണ്?
9. സി. വി. ശ്രീരാമന്റെ ഏതു കഥയെ ആസ്പദമാക്കിയുള്ള ചലച്ചിത്രത്തിനാണ് രാഷ്ട്രപതിയുടെ സുവർണ്ണ മയൂര പുരസ്കാരം ലഭിച്ചത്?
10. ദൈവവുമായുള്ള വൃദ്ധയുടെ സംഭാഷണരൂപത്തിൽ ആഖ്യാനഘടനയെ ചിട്ടപ്പെടുത്തിക്കൊണ്ട് ടി. വി. കൊച്ചുബാവ രചിച്ച ചെറുകഥയേത്?
11. കെ.ആർ.മീരയ്ക്ക് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച കൃതി ഏത് ?
12. 'ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം' എന്ന ചെറുകഥയുടെ പശ്ചാത്തലമാകുന്ന പ്രകൃതിദുരന്തമേതാണ്?
13. "ഓരോ വില്ലനും നമ്മളിലൂടെ നശിച്ചു പോകുന്നതിൽപരം മറ്റൊരു പുണ്യമില്ല"- ആരുടെ വാക്കുകൾ?
14. 'നാൽകാലി' എന്ന കഥ എഴുതിയതാര്?
15. അഴിമതികളും അതിക്രമങ്ങളും ചെയ്തു കൂട്ടിയ തിരുവിതാംകൂറിലെ ഉദ്യോഗസ്ഥരുടെ പിൻഗാമികളായി ചട്ടമ്പിസ്വാമികൾ ചൂണ്ടിക്കാട്ടിയതാരെ?

**(1x10=10)**

## Section B

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം**

16. രഘു ഇൻസ്പെക്ടറോട് പ്രതികാരം ചെയ്തതെങ്ങനെ?
17. തന്നെ പൂങ്കൊടി കബളിപ്പിക്കുകയായിരുന്നുവെന്ന് ആന്റൺ തിരിച്ചറിയുന്ന തെങ്ങനെ?
18. ബദിയടുക്കയിലെ ഗോപാലകൃഷ്ണന് കെ പി ഉമ്മറിനോട് വിരോധം തോന്നാൻ കാരണമെന്ത്?
19. ശൈലേന്ദ്രബിസ്മേയുടെ ഭൂകമ്പത്തിൽ തകർന്ന കടയ്ക്കുള്ളിൽ ബുക്കാറാം വിത്തൽ തിരഞ്ഞതെന്താണ്?
20. എന്തെല്ലാം സാമൂഹിക അനീതികളെയാണ് കൃഷ്ണഗാഥ എന്ന കഥ അഭിസംബോധന ചെയ്യുന്നത്?
21. ക്രിസ്ത്യൻ പശ്ചാത്തലത്തിലുള്ള ഏറെ കഥകൾ ടി.വി. കൊച്ചുബാവയുടെതായിട്ടുണ്ട്. അങ്ങനെ സംഭവിക്കാനുള്ള കാരണമെന്ത്?
22. റെഫ്യൂജി ഓഫീസറായി കൊൽക്കത്തയിൽ എത്തിയ വേണുവിന്റെ ചുമതല എന്തായിരുന്നു?
23. ലോട്ടറി കച്ചവടത്തിലൂടെ നേടിയ അമ്പതു രൂപ കൊണ്ട് മാത്തുക്കുട്ടി എന്താണ് ചെയ്തത്?
24. അതികഥ (Metafiction) എന്നാലെന്ത്?
25. അസ്തിത്വവാദത്തിന്റെ കേന്ദ്രതത്ത്വമെന്ത്?

**(2x5=10)**

## Section C

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

26. മൂർക്കോത്ത് കുമാരന്റെ ചെറുകഥകളുടെ എന്തെല്ലാം സവിശേഷതകളാണ് മിശ്രവിവാഹം എന്ന രചനയിൽ തെളിഞ്ഞു കാണാനാവുന്നത്?
27. 'ആരാന്റെ കുട്ടി' എന്ന കഥ പ്രഹസനങ്ങളുടെ ഗണത്തിൽപ്പെടുത്താമോ പരിശോധിക്കുക?
28. രാച്ചിയമ്മ -കഥാപാത്രനിരൂപണം തയ്യാറാക്കുക.
29. 'ശർക്കര കൊണ്ടൊരു തുലാഭാരം' എന്ന കഥയിൽ നായക സ്ഥാനത്ത് നിൽക്കുന്ന രണ്ടു കഥാപാത്രങ്ങൾ അമ്മുവിന്റെ മനസ്സിലെ തുലാഭാരത്തട്ടിൽ കയറുന്നുണ്ട്. ഇരുവരുടേയും സ്വഭാവത്തിലെ സവിശേഷതകൾ അടയാളപ്പെടുത്തുക.
30. അതികഥയുടെ ആഖ്യാനരീതി 'പ്രേമവും വിവാഹവും' എന്ന കഥയ്ക്ക് മിഴിവേകുന്നതെങ്ങനെ? വിശദീകരിക്കുക.
31. "എന്റെ മനസ്സിൽ ഇപ്പോഴും കരഞ്ഞു നടക്കുന്ന ഒരു കുട്ടിയുണ്ട്" – എൻ.മോഹനന്റെ ഈ വാക്കുകൾ കൊച്ചു കൊച്ചു മോഹങ്ങൾ എന്ന ചെറുകഥയുടെ ഭാവതലവുമായി ചേർത്തു വായിക്കുക, വിശദീകരിക്കുക.
32. "നിന്റെ നേരെ അമ്മാവനാണ് കുഞ്ഞുണ്ണി. അങ്ങനെ വല്ലതും കൊടുക്കണമെന്ന് തോന്നുന്നുണ്ടെങ്കിൽ നീ സമ്പാദിച്ചു കൂട്ടിയിട്ടില്ലേ, അതിൽ നിന്ന് എടുത്തു കൊടുത്തുകൊള്ളൂ" – സന്ദർഭവും ആശയവും വിശദമാക്കുക.
33. കൊച്ചുമകളുടെ വിവാഹ വിരുന്ന് കലക്കാൻ വൃദ്ധമാതാവ് ദൈവത്തോട് ആവശ്യപ്പെടുന്നത് എന്തുകൊണ്ട്? കഥയുടെ സാമൂഹ്യതലം പരിശോധിക്കുക.
34. 'കൃഷ്ണഗാഥ' എന്ന ശീർഷകം കഥയ്ക്ക് ഉചിതമായിരിക്കുന്നതെങ്ങനെ?
35. ബുക്കാറാം വിത്തൽ എങ്ങനെയാണ് തിന്മയുടെ ലോകത്തുനിന്നും നന്മയുടെ വെളിച്ചത്തിലേക്ക് സഞ്ചരിച്ചത്? വിശകലനം ചെയ്യുക.
36. ഹാസ്യാത്മകതയിൽ സാമൂഹിക വിമർശനത്തിന്റെ ചീളുകൾ പതിപ്പിച്ച കഥയാണ് 'കെ. പി. ഉമ്മർ'. പരിശോധിക്കുക.

37. ചട്ടമ്പിസദ്യയ്ക്ക് സമകാലത്തുള്ള പ്രസക്തി ജി. ആർ. ഇന്ദുഗോപൻ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

**(5x6=30)**

## Section D

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്ത് മാർക്ക് വീതം**

38. സൈബർ ഇടത്തിന്റെ സാധ്യതകൾ, ചതികൾ എന്നിവ 'നാൽക്കാലി' എന്ന കഥയുടെ ആവിഷ്ക്കാരതലത്തിൽ ശക്തമായി പ്രവർത്തിക്കുന്നുണ്ട്. അതിനെ മുൻനിർത്തി സമകാല സൈബർ ഇടങ്ങളിലെ പ്രശ്നങ്ങളും സാധ്യതകളും വിശകലനം ചെയ്യുക.
39. വൈക്കം മുഹമ്മദ് ബഷീറിന്റെ ചെറുകഥകളുടെ പൊതുസവിശേഷതകൾ 'പൂവമ്പഴം' എന്ന കഥയെ ഉദാഹരിച്ചുകൊണ്ട് സമർത്ഥിക്കുക.
40. വാർദ്ധക്യത്തിന്റെ ഒറ്റപ്പെടലുകൾ ആധുനിക ചെറുകഥയുടെ ഭാവുകത്വത്തെ സാരമായി സ്വാധീനിച്ച പ്രമേയങ്ങളിൽ ഒന്നാണ്. 'ഒറ്റ' എന്ന ചെറുകഥയെ ഉദാഹരിച്ച് സ്വമതം സ്ഥാപിക്കുക.
41. പ്രാരംഭ ഘട്ടത്തിലെ മലയാള ചെറുകഥയുടെ സവിശേഷതകൾ ഉദാഹരണ സഹിതം ഉപന്യസിക്കുക.

**(10x2=20)**